## 15 -ാം കേരള നിയമസഭ

## 12 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 790** **08-10-2024 - ൽ മറുപടിയ്ക്ക്**

## ആചാരസ്ഥാനികൾക്കും കോലധാരികൾക്കും പ്രതിമാസം നൽകിവരുന്ന സാമ്പത്തിക സഹായം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം രാജഗോപാലൻ | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി) | |
| (എ) | മലബാർ ദേവസ്വം ബോർഡ് വഴി ആചാരസ്ഥാനികൾക്കും കോലധാരികൾക്കും പ്രതിമാസം നൽകിവരുന്ന സാമ്പത്തിക സഹായം എത്ര കുടിശികയായിട്ടുണ്ടെന്നും പ്രസ്തുത തുക എപ്പോൾ വിതരണം ചെയ്യാനാകുമെന്നും അറിയിക്കാമോ; | (എ) | മലബാർ ദേവസ്വം ബോർഡ് വഴി ആചാരസ്ഥാനികർക്കും, കോലധാരികൾക്കും നൽകിവരുന്ന പ്രതിമാസ ധനസഹായ പദ്ധതി പ്രകാരം നിലവിൽ 2023 ഒക്ടോബർ മാസം മുതൽ കുടിശ്ശിക നൽകാനുണ്ട്. ടി കുടിശ്ശികയുൾപ്പെടെ 2025 മാർച്ച് മാസം വരെ പ്രതിമാസ ധനസഹായം അനുവദിക്കുന്നതിന് ആകെ 5,20,06,400/-രൂപ ആവശ്യമാണ്. 2024-25 വർഷത്തെ ബഡ്ജറ്റ് വിഹിതമായ 5.30 കോടി രൂപയിൽ സർക്കാരിൽ നിന്നും അനുവദിച്ച ആദ്യ ഗഡുവായ 1,60,60,800/- രൂപ ഉപയോഗിച്ച് 2023 സെപ്റ്റംബർ മാസം വരെയുള്ള 6 മാസത്തെ കുടിശ്ശിക ധനസഹായം വിതരണം ചെയ്തിട്ടുണ്ട്. 2024-25 വർഷത്തെ ബഡ്ജറ്റ് വിഹിതത്തിൽ ഇനി അനുവദിക്കാൻ ബാക്കിയുള്ള 3,69,39,200/-രൂപ അനുവദിക്കുന്ന മുറയ്ക്ക് 2024 ഒക്ടോബർ വരെയുള്ള പ്രതിമാസ ധനസഹായ തുക വിതരണം ചെയ്യാൻ കഴിയുന്നതാണ്. പ്രസ്തുത തുക അനുവദിക്കുന്നതിന് ധനവകുപ്പിന്റെ അനുമതി തേടിയിരിക്കുകയാണ്. |
| (ബി) | പ്രസ്തുത വിഭാഗത്തിൽപ്പെട്ടവർക്ക് സാമ്പത്തിക സഹായം അനുവദിക്കുന്നതിനായി പുതിയ അപേക്ഷകൾ സ്വീകരിക്കുന്നതിന് നടപടി ആരംഭിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ? | (ബി) | പ്രതിമാസ സാമ്പത്തിക ധനസഹായം അനുവദിക്കുന്നതിന് മലബാർ ദേവസ്വം ബോർഡ് പുതിയ അപേക്ഷ ക്ഷണിച്ചതിന്റെ അടിസ്ഥാനത്തിൽ ആചാരസ്ഥാനികരിൽ നിന്ന് ലഭിച്ച 481 അപേക്ഷകളും, കോലധാരികളിൽ നിന്ന് നിന്ന് ലഭിച്ച 74 അപേക്ഷകളും പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ